**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷനുവേണ്ടി കടമെടുക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷന്റെ നടത്തിപ്പിനായി കടമെടുക്കുന്നതിന് ജല അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് കടമെടുക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 15-09-2025-ലെ G.O.(Ms)No.67/2025/WRD നമ്പർ ഉത്തരവ് പ്രകാരം ജൽ ജീവൻ മിഷന്റെ നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തത്വത്തിൽ 9000 കോടി രൂപ കടമെടുക്കാൻ ഉള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>അതിൽ 5000 കോടി രൂപ ആദ്യ ഗഡു ആയി എടുക്കാൻ ഉള്ള അനുമതി ആണ് ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | ഏത് ഏജൻസിയിൽ നിന്നാണ് കടമെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ടോയെന്നും അറിയിക്കുമോ; | (ബി) | നബാർഡിൽ നിന്നും കടമെടുക്കാൻ ആണ് അനുമതി നൽകിയിരിക്കുന്നത്.<br><br>15-09-2025-ലെ G.O.(Ms)No.67/2025/WRD നമ്പർ സർക്കാർ ഉത്തരവിലെയും 16/10/2004-ലെ GO(Ms) 487/04/Fin നമ്പർ ഉത്തരവിലെയും സർക്കാർ ഗ്യാരന്റിയുടെ സാധാരണ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ, കേരള സർക്കാരിന് കേരള വാട്ടർ അതോറിറ്റി നൽകാനുള്ള എല്ലാ ഗ്യാരന്റി കമ്മീഷൻ കുടിശ്ശികകളും തീർപ്പാക്കണം എന്ന വ്യവസ്ഥയും അനുശാസിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത തുക കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത തുക കൊണ്ട് നിലവിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കില്ല. ജെജെഎം പദ്ധതിയിൽ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനായി 44,714.99 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 39,452.48 കോടി രൂപയുടെ പദ്ധതികൾക്ക് സാങ്കേതിക അനുമതിക്ക് അംഗീകാരം ലഭിക്കുകയും 35,826.87 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പദ്ധതിക്കായി ഇതുവരെ കേന്ദ്ര വിഹിതമായി 5610.30 കോടി രൂപയും |

| | | | |
|---|---|---|---|
| | | | സംസ്ഥാന വിഹിതമായി 6,033.29 കോടി രൂപയും (മൊത്തം 11,643.59 കോടി രൂപ) ലഭിച്ചിട്ടുണ്ട്. ഇതിൽ 11,643.59 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ